# പിറവം വലിയ പള്ളിയും പെരുന്നാൾ പട്ടികയും

പി.തോമസ് പിറവം

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ഏഴു പള്ളികളിൽ നിന്ന് പിരിഞ്ഞ് സ്ഥാപിതമായ പള്ളികളിൽ പഴക്കംകൊണ്ട് ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം പിറവം സെന്റ് മേരീസ് ഓർത്തഡോകസ് സുറിയാനി പള്ളിക്കുണ്ട്. കടുത്തുരുത്തി, കുറവിലങ്ങാട്, മൈലക്കൊമ്പ് എന്നീ പള്ളികൾക്കിടയിൽ ആദ്യം സ്ഥാപിതമായതാണ് പിറവം വലിയ പള്ളി. കടമറ്റം, കോലഞ്ചേരി, ആരക്കുഴ, വടകര എന്നീ പള്ളികൾ സ്ഥാപിതമാകും മുമ്പ് പിറവം പള്ളി ഉണ്ട്. മുളക്കുളം, മാമ്മലശ്ശേരി, നെച്ചൂർ, വടയാപ്പറമ്പ്, ഓണക്കൂർ, കാരിക്കോട് പ്രദേശങ്ങളിലെ പള്ളികൾ പിറവത്തുനിന്നു പിരിഞ്ഞവയാണ്.

ആദിമ ക്രൈസ്തവസമൂഹത്തിന്റെ ജനസംഖ്യാവളർച്ചയും കൂടുതൽ മെച്ചമായ തൊഴിലന്വേഷണവും മറ്റും കടൽത്തീരദേശങ്ങളിൽ നിന്ന് ഉൾനാടുകളിലേക്ക് നസ്രാണികൾ കുടിയേറുവാൻ കാരണമായി. വ്യാപാരമത്സരങ്ങളും ബന്ധപ്പെട്ട യുദ്ധങ്ങളും കുടിയേറ്റത്തിന് ഇടയാക്കി.

മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഗോക്കമംഗലം പള്ളിയിൽ നിന്നു പിരിഞ്ഞുപോന്ന പള്ളിപ്പുറം പള്ളി ഇടവകക്കാർ പിറവം പള്ളി സ്ഥാപിച്ചുവെന്നാണ് പാരമ്പര്യം. വ്യാപാരാവശ്യങ്ങൾക്കും മറ്റുമായി പിറവം പുഴയുടെ തീരങ്ങളിൽ കുടിയേറിയവരാണ് പള്ളിസ്ഥാപനത്തിന് മുൻകൈ എടുത്തത്. അതിനു മുമ്പ് കോലഞ്ചേരിക്കടുത്തുള്ള കോട്ടൂർ പള്ളി ആയിരുന്നു ഈ പ്രദേശത്തെ ആരാധനാകേന്ദ്രമെന്ന് പറയപ്പെടുന്നുണ്ട്. പള്ളിപ്പുറത്തുനിന്നാണ് പിറവത്തേക്ക് പ്രധാന കുടിയേറ്റം ഉണ്ടായതെന്നാണ് പല കുടുംബങ്ങളുടെയും പൂർവ്വചരിത്രം പറയുന്നത്. കണ്ടനാട്, ഉദയംപേരൂർ, കടുത്തുരുത്തി, കുറവിലങ്ങാട്, മുളന്തുരുത്തി എന്നിവിടങ്ങളിൽ നിന്നും കുടിയേറ്റമുണ്ടായി. 9-ാം നൂറ്റാണ്ടിനടുത്ത് വൻതോതിൽ കുടിയേറ്റം നടന്നതായി ചരിത്രമുണ്ട്. ന്യൂനപക്ഷമായ തെക്കുംഭാഗരും കുടിയേറ്റക്കാരിൽ പെടുന്നു. തിരുവിതാംകോടിലും മറ്റും അവശേഷിച്ചിട്ടുള്ള തരുതായ്ക്കളിലെ (ധരിയായ്ക്കൾ, തരീസാക്കൾ) ചില കുടുംബക്കാരും പിറവത്തു വന്നിട്ടുണ്ട്.

പുരാതനമായ പല ഇടവകപ്പള്ളികളും ആദ്യകാലത്ത് കുടുംബക്കുരിശുകളായിരുന്നു. ഉൾനാടുകളിൽ കുടിയേറിയ വ്യാപാരികളായ നസ്രാണികൾ തങ്ങളുടെ താവഴികേന്ദ്രങ്ങളിൽ കുരിശടികൾ വയ്ക്കുകയും വിളക്കുവച്ച് പ്രാർത്ഥിക്കുകയും അവയോടു ചേർന്ന് കുഴിമാടങ്ങളിൽ മരിച്ചവരെ സംസ്കരിക്കുകയും നേർച്ച കഴിക്കുകയും ചെയ്തിരുന്നു. ആദ്യം കുടിയേറുന്ന ഒരു കുടുംബത്തിന്റെ കുരിശ് പിന്നീടു കുടിയേറുന്നവരും ഉപയോഗിക്കുമായിരുന്നു. അവിടങ്ങളിലാണ് പിൽക്കാലത്ത് പള്ളികൾ ഉണ്ടായത്.

പിറവം പള്ളി 5, 6 നൂറ്റാണ്ടുകൾക്കിടയിൽ സ്ഥാപിതമായി എന്ന് കരുതപ്പെടുന്നു. 9-ാം നൂറ്റാണ്ടിൽ പേർഷ്യയിൽ നിന്ന് വന്ന മാർ സാബോർ, മാർ ഫ്രോത്ത് എന്നിവരിൽ മാർ ഫ്രോത്ത് ഉദയംപേരൂർ കേന്ദ്രമാക്കിയാണ് പ്രവർത്തിച്ചിരുന്നത്. ഈ പിതാവിന്റെ പേര് പിറവം പള്ളിയോടു ബന്ധപ്പെട്ടതായി ഊഹിക്കുന്നവരുണ്ട്. ഫ്രോത്തു പള്ളി, പൊറോത്തു പള്ളിയായി രൂപാന്തരപ്പെട്ടതോ? പള്ളിയുടെ പേരിൽ നിന്നാകാം പിറവം എന്ന സ്ഥലപ്പേരിന്റെ പിറവി. ആദ്യകാലരേഖകളിൽ പ്രത്ത് പൊറോത്ത്, പൊരൊത്ത്, പ്രവത്ത്, എന്നിങ്ങനെയെല്ലാം കാണാം. തിരുവിതാംകൂറിലെ സർവ്വേരേഖകൾക്കു ശേഷമാണ് പ്രവം, പിറവം എന്ന് വികസിപ്പിച്ച് എഴുതിത്തുടങ്ങുന്നത്.

ഇന്നു കാണുന്ന പള്ളി പോർട്ടുഗീസ് കാലത്തോടടുത്ത് പുനർനിർമ്മിച്ചതാണ്. കണ്ടനാട് കടമറ്റം, മുളന്തുരുത്തി മുതലായ പള്ളികളും ഈ മാതൃകയിൽ പണിതവയാണ്.

ഉദയംപേരൂർ സുന്നഹദോസുകാലത്തുണ്ടായിരുന്ന 104 പള്ളികളിൽ പിറവം ഉൾപ്പെടുന്നു. സുന്നഹദോസിനു ശേഷം ആർച്ച് ബിഷപ്പ് മെനസിസ് സന്ദർശിച്ച 77 പള്ളികളിൽ പിറവവുമുണ്ട്. കൂനൻകുരിശുസംഭവാനന്തരം മാർത്തോമ്മാ മെത്രാന്റെ കീഴിൽ വന്ന 44 പള്ളികളിൽ ഒന്ന് പിറവമാണ്. കൂനൻകുരിശുസത്യത്തിനു ശേഷം പിറവത്ത് ഇരുപക്ഷക്കാരും ഉണ്ടായിരുന്നു. 1618-ൽ വടക്കുംഭാഗക്കാരായ റോമൻവിഭാഗം വേറെ പള്ളി സ്ഥാപിച്ചു പിരിഞ്ഞു. റോമൻതെക്കുംഭാഗർ വലിയപള്ളിയിൽതന്നെ തുടർന്നു.

പള്ളിയുടെ മദ്ബഹായിൽ ത്രോണോസിനു പിന്നിലുള്ള റവുത്തളിൽ (മേശക്കു പിറകിലുള്ളത് - റിയോ ടാബുലം - റാത്തൾ, എറത്താൾ, എറത്താഴ് എന്നൊക്കെ രൂപ പരിണാമം) മനോഹരമായ ചിത്രങ്ങൾ ഉണ്ട്. അത് തടിയിൽ കൊത്തുപണികൾ ചെയ്ത് കൂട്ടി യോജിപ്പിച്ചിട്ടുള്ള ചട്ടങ്ങൾക്കുള്ളിലാണ് ചിത്രങ്ങൾ. പണി തീർത്ത് ജലവാഹനത്തിൽ കൊണ്ടുവന്ന് ഇവിടെ സ്ഥാപിച്ചതാണെന്ന് പറയപ്പെടുന്നു. അത് പോർട്ടുഗീസ് ശൈലി പകർത്തിയതാകാം. മാലാഖകളുടെയും, പഴയനിയമ പിതാക്കന്മാരുടെയും (മുകളിൽ യഹോവ, ഹാനോക്ക്, ഏലിയ) രൂപങ്ങൾ കാണാനുണ്ട്. യേശുവിനെ വഹിച്ചിട്ടുള്ള മാതാവിന്റെ ചിത്രം, പഴയ ചായക്കൂട്ടുകൾ കൊണ്ട് മദ്ധ്യത്തിൽ വരച്ചിരിക്കുന്നു. അതിനു ചുറ്റുമായി വേദ

പുസ്തകരംഗങ്ങളും ചിത്രീകരിച്ചിട്ടുണ്ട്. താഴെ തിരുവത്താഴം. ഇതിൽ ക്രിസ്തുശിഷ്യരുടെ പേരുകളുണ്ട്. കടുത്തുരുത്തി വലിയ പള്ളിയിലും മറ്റു പല പള്ളികളിലും റവുത്തൾ ഏതാണ്ട് ഈ മാതൃകയിലുണ്ട്. 1818-ൽ പാലായിൽ ഒരു കുരിശുപള്ളിയിൽ പിറവം മാതൃകയിൽ റവുത്തൾ സ്ഥാപിച്ചു. റവുത്തളിനു പകരം മദ്ബഹായുടെ കിഴക്കേ ഭിത്തിയിൽതന്നെ ഈ മാതൃകയിൽ ചുവർചിത്രങ്ങൾ വരച്ചിട്ടുള്ള പള്ളികളുണ്ട്. തിരുവല്ല പാലിയേക്കര പള്ളിയിലുള്ള മദ്ബഹാഭിത്തിയിലെ ചിത്രങ്ങൾ ഏതാണ്ട് പിറവത്തെ ചിത്രങ്ങൾ പോലെയുണ്ട്.

**പിറവം കലണ്ടർ**

ആ കാലഘട്ടത്തിൽ കത്തോലിക്കാവിഭാഗത്തിന്റെ സ്വാധീനത്തിൽ എഴുതപ്പെട്ടുവെന്നു കരുതാവുന്ന പെരുന്നാൾ പട്ടിക പള്ളിയുടെ തെക്കേ ത്രോണാസിനരുകിൽ തെക്കേ ഭിത്തിയിൽ കാണാം. ഈ ചുമരെഴുത്തിനെ പിറവം കലണ്ടർ എന്ന് വിളിക്കുന്നു. മലയാള അക്കങ്ങളിൽ പത്ത്, ഇരുപത്, മുപ്പത്, നാല്പത്, ഇവകൾക്കൊക്കെ പ്രത്യേക അക്കം നിലനിന്ന കാലത്താണ് ഇത് എഴുതപ്പെട്ടിരിക്കുന്നത്. മലയാളത്തിൽ ആദ്യം അച്ചടിക്കപ്പെട്ട വേദപുസ്തകത്തിലെ (1811) ലിപികളോട് ഇതിന് അടുപ്പമുണ്ട്.ഏതാനും നൂറ്റാണ്ടുകൾക്കു മുമ്പ് സുറിയാനിസഭയിൽ നിലവിലിരുന്ന പെരുന്നാളുകളെപ്പറ്റി പഠിക്കുവാൻ ഇതു സഹായിക്കും. മാറാനായ പെരുന്നാളുകൾ ഉൾപ്പെടെ മുപ്പത്തിയാറ് പെരുന്നാളുകളാണ് തീയതിമുറയ്ക്ക് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മകരമാസം മുതൽ ധനു വരെയാണ് തീയതികൾ കൊടുത്തിരിക്കുന്നത്. ധനു 18, 21 (മാർത്തോമ്മാ ശ്ലീഹ) തുടങ്ങിയ പെരുന്നാളുകൾ കത്തോലിക്കാസ്വാധീനം വെളിപ്പെടുത്തുന്നു. രാജാക്കന്മാരുടെ പെരുന്നാളിനെക്കുറിച്ചൊന്നും അതിൽ സൂചനയില്ല.

**പിറവം പള്ളി പ. കന്യകറിയാമമ്മയുടെ നാമത്തിൽ**

പൂർവ്വികസഭയുടെ പാരമ്പര്യപ്രകാരം പരിശുദ്ധ കന്യകമറിയാമിന്റെ നാമത്തിലാണ് ഈ പള്ളി സ്ഥാപിതമായത്. പള്ളിയുടെ ബലിപീഠത്തിന്റെ പിന്നിലെ റവുത്തളിൽ മദ്ധ്യഭാഗത്ത് ചിത്രീകരിച്ചിരിക്കുന്നത് യേശുക്കുഞ്ഞിനെ കൈയിൽ വഹിച്ചിരിക്കുന്ന ദൈവമാതാവിനെയാണ്. കിഴക്കൻ സഭാപാരമ്പര്യം മാതാവിനെ ഒറ്റയ്ക്ക് ചിത്രീകരിക്കാറില്ലല്ലോ. പോർട്ടുഗീസ് കാലഘട്ടത്തിൽ പുനർനിർമ്മിച്ചപ്പോൾ ഉണ്ടാക്കിവച്ച ഇതിൽ മാതാവിനെ പ്രധാനസ്ഥാനത്ത് ചിത്രീകരിച്ചത് അന്ന് മാതാവിന്റെ നാമത്തിലാണ് പള്ളി എന്ന് അറിയാവുന്നതുകൊണ്ടാണ്.

1685-ൽ വന്ന് കോതമംഗലത്തു കബറടങ്ങിയ പ. യൽദോ ബാവ ഉപയോഗിച്ച ഒരു പട്ടംകൊടപ്പുസ്തകമുണ്ട്. ആ പട്ടംകൊടപ്പുസ്തകം അദ്ദേഹത്തിനു ശേഷം മാർ ഈവാനിയോസും പട്ടം കൊടുക്കുവാൻ ഉപയോഗിച്ചതായി കരുതുന്നു. പിറവത്തെ ദൈവമാതാവിന്റെ പള്ളിയിൽ വച്ച് മത്തായി എന്ന ശെമ്മാശന് 1997 (1686 എ. ഡി.)-ൽ പൂർണ്ണശെമ്മശുപട്ടം നൽകിയതായി അതിൽ രേഖപ്പെടുത്തിയിരിക്കുന്നു. (അസ്റാഹ് റൂഹോ ഖാദീശോ മ്ശംശോനൊ മത്തായി ല് ഈത്തോ ദ് യൽദാസാലോഹോ ദ് ഫ്രൂത്ത് എന്ന് മൂലരേഖ. തീയതി -1997- അതായത് ക്രിസ്തുവർഷം 1686. 1688-നു ശേഷം പിറവത്ത് മത്തായി കശ്ശീശ, ഗീവറുഗീസ് ശെമ്മാശൻ, ഗീവറുഗീസ് കശ്ശീശാ എന്നിവർക്കും പട്ടംകൊടുത്തതായി ഇതിൽ വായിക്കാം.

സിറിയൻ ഓർത്തഡോക്സ് സഭയിലെ പാത്രിയർക്കീസുമാരിലാരുംതന്നെ മലങ്കരയിലെത്തുന്നതിനു മുമ്പും പിറവത്തുപള്ളി ദൈവമാതാവിന്റെ നാമത്തിൽതന്നെ ആയിരുന്നുവെന്നാണ് ഈ രേഖ കാണിച്ചുതരുന്നത്. (രാജാക്കന്മാരുടെ നാമത്തിലായിരുന്ന പിറവം പള്ളി, പാത്രിയർക്കീസു ബാവാ ദൈവമാതാവിന്റെ നാമത്തിലാക്കിയെന്ന് ചിലരെല്ലാം ഒരു രേഖയുടെയും പിൻബലമില്ലാതെ കൊട്ടിഘോഷിക്കുന്നുണ്ട്.)

**രാജാക്കളുടെ പള്ളിയോ?**

റവുത്തൾ ചിത്രീകരണങ്ങളിൽ കീഴ്നിരയിൽ തെക്കുഭാഗത്ത് മ്ഗൂശന്മാർ (മ്ഗൂശരാജാക്കൾ, വിദ്വാൻമാർ, ജ്ഞാനികൾ: ഇപ്പോൾ മ്ഗൂശരാജാക്കൾ കൂജരാജാക്കളായും പിന്നെ പൂജരാജാക്കളായും രൂപഭേദം വന്നിരിക്കുന്നു.) കാഴ്ച സമർപ്പിക്കുന്ന സന്ദർഭം ചിത്രീകരിച്ചിട്ടുണ്ട്. (മ്ഗൂശന്മാർ പേർഷ്യയിൽ നാടുവാഴിത്തവും പൗരോഹിത്യവും ഉണ്ടായിരുന്ന ജോതിഷജ്ഞാനികളായ സമൂഹമാണ്. പോറസിലെ -പേർഷ്യയിലെ- ജ്ഞാനികൾ എന്ന് സുറിയാനി ആരാധനാക്രമത്തിൽ -യെൽദൊ- കാണാം.)

ആദിമസഭയിലെ രണ്ടു പ്രധാന പെരുന്നാളുകളിൽ ഒന്നായ ദനഹ (എപ്പിഫനി, രാക്കുളി പെരുന്നാൾ) യേശുവിന്റെ ജനന വെളിപ്പെടലുകളുടെ സംയുക്താഘോഷമായിരുന്നു. ജനനപ്പെരുന്നാൾ പിന്നീടാണ് നടപ്പിലായത്. പോർട്ടുഗീസ് കാലഘട്ടത്തിൽ റോമൻകത്തോലിക്കാവിഭാഗത്തിലേക്ക് കൂറു മാറിയവരിൽ ഒരു ന്യൂനപക്ഷം (തെക്കുംഭാഗർ) പിറവം പള്ളിയിൽതന്നെ തങ്ങളുടെ ആത്മീയാവശ്യങ്ങൾ നടത്തുന്നത് തുടർന്നു. ആ കാലയളവിൽ റോമൻകത്തോലിക്കാക്രമമനുസരിച്ച് ആരാധനകളും പെരുന്നാളു

കളും അക്കൂട്ടർ നടത്തിവന്നു. അതുവരെ പിന്തുടർന്ന ജൂലിയൻ കലണ്ടറും അവർ ഉപേക്ഷിച്ച് ഗ്രീഗോറിയൻ കലണ്ടർ സ്വീകരിച്ചു. ഇവ തമ്മിൽ 10, 13 ദിവസങ്ങളുടെ വ്യത്യാസമുണ്ടായിരിക്കും. കത്തോലിക്കാവിഭാഗം മ്ഗൂശരാജാക്കൾ കാഴ്ചയർപ്പിക്കുന്നതിന് പ്രാധാന്യമുള്ള എപ്പിഫനി ആഘോഷിക്കുമ്പോൾ പൂർവ്വികസഭാംഗങ്ങൾ ജനനപ്പെരുന്നാളാകും ആഘോഷിക്കുക. (ഏതാണ്ട് 1957 വരെ എങ്കിലും വ്യത്യസ്ത തീയതികളിൽ പെരുന്നാൾ ആചരിച്ചിരുന്നത് മുൻതലമുറയിൽപെട്ടവർക്ക് ഓർമ്മയുണ്ടാകും.) എപ്പിഫനി പെരുന്നാളിൽ രാജാക്കൾ യേശുവിനെ വന്ദിക്കുന്നതിനു പ്രാധാന്യം നൽകിയ കത്തോലിക്കർ അതിനെ 'വിശുദ്ധ രാജാക്കളുടെ പെരുന്നാൾ' എന്ന് വിളിച്ചു. ആ ഇടക്കാലപ്രചാരണങ്ങളാലാണ് ഈ പള്ളി രാജാക്കളുടെ നാമത്തിൽ അറിയപ്പെടുവാൻ ഇടയാക്കിയത്. അതുകൊണ്ട് പിറവം പള്ളി രാജാക്കളുടെ നാമത്തിലുള്ളതാണെന്ന് ചില യൂറോപ്യന്മാർ എഴുതിവച്ചിട്ടുണ്ട് 15-ാം നൂറ്റാണ്ടിനു ശേഷം. അത് ഈ പള്ളിയിൽ സഭാതർക്കം നിലവിലിരുന്ന കാലത്ത് റോമൻവിഭാഗം കൊടുത്ത വിവരം അനുസരിച്ച് രേഖപ്പെടുത്തിയതാകണം. സുറിയാനിപാരമ്പര്യത്തിൽ രാജാക്കളുടെ നാമത്തിൽ പള്ളി സ്ഥാപിക്കുവാൻ സാദ്ധ്യത വിരളമാണ്. എന്നാൽ റോമൻകത്തോലിക്കാപാരമ്പര്യത്തിൽ സാദ്ധ്യതയുണ്ട്. റോമൻതെക്കുംഭാഗരുടെ പ്രചാരണം അടുത്ത കാലത്ത് ചിലർ ഏറ്റുപിടിച്ച് ഉണ്ണിയേശുവിനെ കണ്ടു വന്ദിച്ച രാജാക്കൾ തിരികെ വന്ന് പിറവത്തു പള്ളി സ്ഥാപിച്ചുവന്നൊരു നിർമ്മിതകഥ അടിസ്ഥാനമില്ലാതെ ആവർത്തിക്കുന്നുണ്ട്. യേശുവിന്റെ മരണപുനരുത്ഥാനത്തിനു മുമ്പ് രാജാക്കൾ പിറവത്തു പള്ളി സ്ഥാപിച്ചു എന്ന കഥ, സഭാവിശ്വാസവും ചരിത്രവും കേരളനസ്രാണിപാരമ്പര്യവും അറിയുന്നവർക്ക് പുച്ഛം തോന്നുന്ന വെറും ഭാവനാസൃഷ്ടി മാത്രമാണ്. പോയ തലമുറ ഇങ്ങനെ പറഞ്ഞുകേട്ടിട്ടില്ല.

മലങ്കരമെത്രാനായിരുന്ന പുന്നത്ര മാർ ദിവന്നാസിയോസ് മൂന്നാമന്റെ അപേക്ഷയെത്തുടർന്ന് പിറവം പള്ളിയിലെ റോമൻതെക്കുംഭാഗരുടെ കൂട്ടവകാശം നീക്കി തിരുവിതാംകൂർ റാണി പാർവ്വതിഭായി വിളംബരം ചെയ്തു (1821 ധനു 8). തുടർന്ന് 1821 ഇടവം 21-ന് വിശുദ്ധ രാജാക്കളുടെ നാമത്തിൽ കൊച്ചു പള്ളി സ്ഥാപിച്ച് അവർ പിരിഞ്ഞു (1653 മുതൽ പള്ളികളിലെ തർക്കങ്ങൾ 19-ാം നൂറ്റാണ്ടു മദ്ധ്യം വരെയും പലയിടങ്ങളിലും തുടർന്നിരുന്നുവെന്ന് ഓർക്കേണ്ടതാണ്.) പിറവം കൊച്ചുപള്ളി അങ്ങനെ ഹോളി മാഗി പള്ളിയായി. മൂവാറ്റുപുഴ, പാല എന്നിവിടങ്ങളിലും ആ പേരിൽ കത്തോലിക്കാപ്പള്ളികളുണ്ട്.

പള്ളിയോട് തൊട്ടടുത്തുതന്നെ പിഷാരുകോവിൽ ക്ഷേത്രം സ്ഥിതിചെയ്യുന്നു; കേരളത്തിലെ മതസൗഹാർദ്ദത്തിന്റെ ഉദാത്തമാതൃക.

പള്ളിയിലെ പ്രധാന പെരുന്നാൾ ആദിമസഭയിലെ രാക്കുളിപ്പെരുന്നാൾ (ദനഹ) തന്നെ.

പന്ത്രണ്ട് ആൺപൈതങ്ങൾക്കുള്ള നേർച്ച ഇവിടത്തെ സവിശേഷവഴിപാടാണ്. പ്രധാനമായും ഉയിർപ്പുപെരുന്നാളിനും, കൂടാതെ മൂന്നു നോമ്പു വീടലിനും ക്രിസ്മസിനും ഈ നേർച്ച ജാതിമതഭേദമെന്യേ ധാരാളം പേർ നടത്തുക പതിവുണ്ട്. പഴവും നെയ്യപ്പവും തുടങ്ങി, പിടിയും കോഴിയിറച്ചിയും മറ്റെല്ലാ വിഭവങ്ങളും ഉൾപ്പെടുന്ന സദ്യ തന്നെയാണ് ഈ നേർച്ചയ്ക്കു വിളമ്പുന്നത്. ചിലപ്പോൾ മൂന്നു പൈതങ്ങൾക്കും ഈ വഴിപാട് നടത്തും.

**പിറവം പള്ളി സന്ദർശിച്ചവർ**

പിറവം പള്ളി സന്ദർശിച്ച ആദ്യ സഭാമേലദ്ധ്യക്ഷന്മാർ പേർഷ്യൻപിതാക്കന്മാരായ മാർ സാബോർ, മാർ ഫ്രോത്ത് എന്നിവരാകാം.

ഗോവൻ ആർച്ച് ബിഷപ്പ് മെനസ്സീസ് തന്റെ ജൈത്രയാത്രയിൽ ഇവിടെ സന്ദർശിച്ചതായി രേഖയുണ്ട്.

കല്ലട മുത്തപ്പൻ അന്ത്രയോസ് ബാവയുടെ രണ്ടു സഹോദരന്മാർ ഈ പള്ളിയിൽ ശുശ്രൂഷകരായിരുന്നത് അദ്ദേഹത്തിന്റെ സന്ദർശനത്തെത്തുടർന്നാകാം.

1846-ൽ വന്ന് മുളന്തുരുത്തിയിൽ കബറടക്കപ്പെട്ട യൂയാക്കിം മാർ കൂറിലോസിന്റെ സഹോദരൻ മല്ക്ക് ഗബ്രിയേൽ മക്കുദിശാ പള്ളിയുടെ ശ്രാമ്പിയിൽ താമസിച്ച് ശുശ്രൂഷ ചെയ്തിരുന്നു.

1877 ഫെബ്രുവരിയിൽ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവ പരുമല തിരുമേനിയോടൊപ്പം ഇവിടെ താമസിച്ച് സഭാഭരണപരമായ കല്പനകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1958-ൽ കക്ഷിവഴക്കുകൾ തീർന്നശേഷം ശാന്തമായ സഭാന്തരീക്ഷത്തിൽ, ഔഗേൻ കാതോലിക്കാ ബാവായുടെ സ്ഥാനാരോഹണത്തെ തുടർന്ന് അദ്ദേഹത്തോടൊപ്പം യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ ഈ പള്ളി സന്ദർശിച്ചു.

**പിറവം പള്ളി മലങ്കരസഭാചരിത്രത്തിൽ**

പൊതുസഭാരംഗത്ത് ശ്രദ്ധേയസംഭാവനകൾ അധികം പിറവത്തുനിന്ന് ഉണ്ടായിട്ടില്ലെന്നു തോന്നുന്നു. എന്നാൽ നേതൃപാടവവും ജ്ഞാനവുമുള്ള വൈദികർ ഉണ്ടായിട്ടുണ്ട്. കോട്ടയം പഴയ സെമിനാരി സ്ഥാപിക്കുമ്പോൾ മൽപ്പാന്മാരിൽ ഒരാളായി പിറവത്തെ കാരാമ്മേൽ കത്തനാർ ഉണ്ടായിരുന്നു.

ആംഗ്ലിക്കൻമിഷനറിമാരുടെ ഒത്താശയോടെ മലങ്കരമെത്രാപ്പോലീത്താ ദിവന്നാസിയോസ് നാലാമന് (ചേപ്പാട്ട്) എതിരേ, പള്ളിഭരണത്തിൽ നിന്ന് അദ്ദേഹം വിടർത്തിയവർ പരാതിപ്പെട്ടിട്ട്, മെത്രാനെ ബന്ത വസ്സിൽ വച്ചു വിസ്തരിച്ച അത്യപൂർവ്വസംഭവത്തിന് പിറവം സാക്ഷ്യം വഹിച്ചിട്ടുണ്ട്. മിഷനറിമാരിലൂടെ സർക്കാരിൽ സമ്മർദ്ദം ചെലുത്തിയാണ് മെത്രാനെ വിസ്തരിപ്പിച്ചത്. ദൈവഗത്യാ മെത്രാൻ കുറ്റക്കാരന ല്ലെന്ന് തീരുമാനിക്കപ്പെട്ടു.

ആംഗ്ലിക്കൻമിഷനറിമാരുടെ ഒത്താശയോടെ മലങ്കരമെത്രാനെതിരേ, സഭയിൽ ഉള്ള ദോഷങ്ങളെക്കുറിച്ച് കർണൽ പ്രെഡർ സായ്പിനയച്ച പരാതിയിൽ, പിറവത്തുകാരൻ തൊമ്മൻ കത്തനാർ ഒപ്പിട്ടിരുന്നെങ്കിലും തുടർന്ന് നവീകരണവിഭാഗത്തിന് ഇവിടെ വേരുപിടിച്ചില്ല.

**പള്ളിയോഗങ്ങളിലെ പങ്കാളിത്തം**

ഉദയംപേരൂർ സുന്നഹദോസിലും മുളന്തുരുത്തി സുന്നഹദോസിലും ഈ പള്ളിയിൽ നിന്നുള്ള പ്രതിനിധികൾ ഉണ്ടായിരുന്നു.

1987 ഫെബ്രുവരിയിൽ കരിയാറ്റിൽ യൗസേഫ് മെത്രാന്റെ കാലശേഷം റോമൻസഭാവിഭാഗത്തിലെ ഭിന്നത വർദ്ധിച്ച് കൽദായ സുറിയാനി മേലധ്യക്ഷന്മാരുമായുള്ള ബന്ധം പുനഃസ്ഥാപിക്കുവാൻ പാറേമ്മാക്കൽ ഗവർണദോറിന്റെ നേതൃത്വത്തിൽ അങ്കമാലിയിൽ പള്ളിയോഗം കൂടി. ഗവർണദോറിനെ സഹായിക്കുവാൻ 12 കാനോനിസ്റ്റന്മാരെ നിശ്ചയിച്ച രേഖയിൽ പിറവത്തെ റോമൻതെക്കുംഭാഗവിഭാഗത്തിലെ ഒരു ശെമ്മാശ്ശൻ ഒപ്പുവച്ചു.

**പള്ളിപ്പാട്ടുകൾ**

കേരളത്തിലെ പുരാതനങ്ങളായ പള്ളികളുടെ സ്ഥാപനചരിത്രം വാമൊഴിരൂപത്തിൽ പാട്ടുകളായി ഉണ്ടായിരുന്നു. ഇത്തരം ചില പാട്ടുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പിറവം വലിയ പള്ളി, കൊച്ചുപള്ളി എന്നിവയെപ്പറ്റി പാട്ടുകളുണ്ട്. പള്ളിപ്പാട്ടുകളിലെ പല വസ്തുതകളും ചരിത്രപ്രാധാന്യമുള്ളവയാണ്. പള്ളിനിർമ്മാണവുമായി ബന്ധപ്പെട്ട നാടുവാഴികൾ, സ്ഥലവും വസ്തുക്കളും ദാനം ചെയ്തവർ, ക്ഷേത്രഭരണാധികാരികൾ, പുരാതനകുടുംബങ്ങൾ എന്നിവരെക്കുറിച്ച് അവയിൽ പരാമർശങ്ങളുണ്ട്.

## പിറവം പെരുന്നാൾ പട്ടിക

**(രേഖപ്പെടുത്തിയിരിക്കുന്നതു പോലെ)** ൹ = തീയതി

നമ്മുടെ കർത്താവിന്റെയും എല്ലാ പരിശുദ്ധന്മാരുടെയും പെരുന്നാളുകൾ ഞങ്ങൾ എഴുതുവാനാരംഭിക്കുന്നു. (ഏറ്റവും മുകളിൽ സുറിയാനിയിൽ എഴുതിയിരിക്കുന്നതിന്റെ ഏകദേശ മലയാളപരിഭാഷ)

മകരം 1 ൹ നമ്മുടെ കർത്താവിന്റെ സുന്നത്തിട്ടതും മാർ ബസ്സെലിയൊസിന്റെ മാർ ഗ്രീഗൊറിയൊസിന്റെയും പെരുന്നാൾ

6 ൹ നമ്മുടെ കർത്താവീശൊമിശിഹാ മാമ്മൂദിസാ മുഴുകിയ പെരുന്നാൾ

7 ൹ മാർ യൊഹന്നാൻ മാമ്മദാനായുടെ പുകഴ്ചയുടെയും

15 ൹ വിത്തുകൾ മെലുള്ള തമ്പുരാനെ പെറ്റമ്മയുടെ പെരുന്നാൾ

കുംഭം 2 ൹ നമ്മുടെ കർത്താവിനെ ഒറശ്ലെം പള്ളിയിൽ കാഴ്ച വച്ച പെരുന്നാൾ

24 ൹ മാർ മത്തായ ശ്ലീഹായുടെ പെരുന്നാൾ

മീനം 9 ൹ 40 സഹദെൻമാരുടെയും പെരുന്നാൾ

25 ൹ കന്ന്യാസ്ത്രിയമ്മയൊട ഗൌറീയെൽ മാലാഖ അറിവിച്ച പെരുന്നാൾ

മേടം 23 ം 24 ൹ ം ഗീവർഗിസ്സ സഹദായുടെ പെരുന്നാൾ

എടവം 1 ൹ മാർ പീലിപ്പൊസിന്റെയും മാർ യാക്കൊയുടെയം പെരുന്നാൾ

15 ൹ കതിരുകൾ മെലുള്ള തമ്പുരാനെ പെറ്റമ്മയുടെ പെരുന്നാൾ

മിഥുനം 5 ൹ കന്ന്യാസ്ത്രി അമ്മയുടെ നാമത്തുമ്മെൽ പള്ളി പണിയപ്പെട്ട പെരുന്നാൾ

24 ൹ മാർ യൊഹന്നൻ മൌദ്ദാനായുടെ പെരുന്നാൾ

29 ൹ മാർ പത്രൊസിന്റെയും മാർ പൌലൊസിന്റെയും പെരുന്നാൾ

30 ൹ പന്ത്രണ്ട ശ്ലീഹമ്മാരുടെയും പെരുന്നാൾ

കർക്കടകം 3 ൹ മാർത്തൊമ്മാശ്ലീഹായുടെ പെരുന്നാൾ

25 ൹ മാർ യാക്കൊ ശ്ലിഹായുടെ പെരുന്നാൾ

ചിങ്ങം 6 ൹ താബൊറെന്ന മലയിൽ ദൈവസുഖം വെളിച്ചമാക്കിയ പെരുന്നാൾ

15 ൹ കന്നിയാസിയമ്മാ ആകാശത്തിന്ന എഴുന്നെള്ളിയ പെരുന്നാൾ

29 ൹ മാർ യൊഹന്നൻ മാമ്മദാനായുടെ തല കണ്ടിച്ച പെരുന്നാൾ

കന്നിമാസം 8 ൹ കന്നിയാസ്ത്രി അമ്മയുടെ പ്രപിയുടെ പെരുന്നാൾ

14 നു മാർ സ്ലീബായുടെ പെരുന്നാൾ
21 നു മാർ മത്തായി ശ്ലീഹായുടെ പെരുന്നാൾ
29 നു മാർ മാർ മിഖായെൽ മാലാഖയുടെ പെരുന്നാൾ
തുലാം 7 നു മാർ സറുഗിസിന്റെയും മാർ ബാക്കൊസിന്റെയും പെരുന്നാൾ
28 നു മാർ ശെമഒന്റെയും മാർ യുദായുടെയും പെരുന്നാൾ
വൃശ്ചിക 1 ശുദ്ധമാകപ്പെട്ടവരെല്ലവരുടെയും പെരുന്നാൾ
2 നു മരിക്കപ്പെട്ട വിസ്വാസകാററായവരെല്ലാവരുടെയും പെരുന്നാൾ
21 നു അന്നാ ഉമ്മാ കന്ന്യാസ്ത്രിയമ്മെ ഒറല്ലെം പള്ളിയിൽ കാഴ്ച വച്ച പെരുന്നാൾ
30 നു അന്ത്രെയൊസ ശ്ലീഹായുടെ പെരുന്നാൾ
ധനുവം 8 തമ്പുരാനെ പെററമ്മയെ ഗർഭനിച്ച പെരുന്നാൾ
18 നു ആദമ്പമലയിൽ സ്ലീബ കണ്ടെത്തിയ പെരുന്നാൾ
21 നു ഉറഹായുടെ പള്ളിയിൽ മാർ തൊമ്മാ ശ്ലീഹാ കവറടങ്ങിയ ഗൊഴിപ്പിനുടെ പെരുന്നാൾ
25 നു നമ്മുടെ കർത്താവിന്റെ പ്രപിയുടെ പെരുന്നാൾ
26 നു കന്നിയാസ്ത്രി അമ്മയുടെയും എസ്തപാനൊസ്സ സഹദായുടെയും പെരുന്നാൾ
27 നു യൊഹന്നാൻ ഏവൻഗെലിസ്തായുടെയും ഹെറൊദൊസു കൊല്ലിച്ച പൈതങ്ങളുടെയും പെരുന്നാൾ

സമീപകാലത്തെ ചായംപൂശൽ മൂലം ഈ പഞ്ചാംഗത്തിൽ ചില വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ടോ എന്നു സംശയിക്കുന്നു. കന്ന്യാസ്ത്രി അമ്മയുടെ നാമത്തുമ്മെൽ പള്ളി പണിയപ്പെട്ട പെരുന്നാൾ മിഥുനം 15 ആകാനാണു സാദ്ധ്യത. സ്ലീബായുടെ പെരുന്നാൾ കന്നി 13-ം 14-ം ആകാനിടയുണ്ട്.

(ദി സൺഡേ സ്കൂൾ 2018 ഏപ്രിൽ-ജൂൺ ലക്കത്തിൽ എഡിറ്റു ചെയ്ത് പ്രസിദ്ധീകരിച്ചു.)